# Universalization of the Membership of the International Solar Alliance (ISA)

January 15, 2021

---

## ഇന്റർനാഷണൽ സോളാർ അലിയൻസ് (ISA) പങ്കാളിത്തത്തിന്റെ ആഗോളീകരണം

ജനുവരി 15, 2021

1. പാരിസിൽ നടന്ന COP21 ൽ ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രിയും ഫ്രാൻസ് പ്രസിഡന്റും ചേർന്ന് ഇന്റർനാഷണൽ സോളാർ അലിയൻസിന് തുടക്കം കുറിച്ച്. സൗരോർജം ദ്രുതഗതിയിൽ കൂടുതൽ അളവിൽ സ്ഥാപിക്കുന്നത് വഴി പാരീസ് കാലാവസ്ഥ ഉടമ്പടിയ്ക്ക് സംഭാവന നൽകുന്നതിനാണ് ഇത് ലക്ഷ്യം വയ്ക്കുന്നത്. 2021 ജനുവരി 15 ലെ കണക്കനുസരിച്ച്, 89 രാജ്യങ്ങൾ ഘടനാപരമായ ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയും ഇതിൽ 62 രാജ്യങ്ങൾ സ്ഥിരീകരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിരിക്കുന്നു.

2. പ്രവിശ്യകൾക്കതീതമായി പങ്കാളിത്തത്തിൽ ആഗോളീകരണം കൊണ്ടുവരുക എന്ന ബഹുമാനപ്പെട്ട ന്ത്യൻ പ്രധാനമന്ത്രിയുടെ ദർശനത്തോടനുബന്ധിച്ച്, 2018 ഒക്ടോബർ 03 ന് നടന്ന ISA യുടെ ആദ്യ ജനറൽ അസ്സെംബ്ലിയിൽ ഇന്റർനാഷണൽ സോളാർ അലിയൻസിന്റെ സ്ഥാപനം സംബന്ധിച്ചുള്ള ഘടനാപരമായ ഉടമ്പടിയിൽ ഭേദഗതി കൊണ്ടുവരുകയും ISA അംഗ രാജ്യങ്ങളുടെ വ്യാപ്തി ഐക്യരാഷ്ട്ര സഭയിലെ എല്ലാ രാജ്യങ്ങൾക്കുമായി വിപുലീകരിക്കുകയും ചെയ്തു.

3. ISA യുടെ ഘടനാപരമായ ഉടമ്പടിയിൽ നിര്ബന്ധിതമാക്കിയിരിക്കുന്നതു പോലെ ISA അംഗ രാജ്യങ്ങളിൽ നിന്നും ആവശ്യമായ സ്ഥിരീകരണങ്ങൾ / അനുമതികൾ/സ്വീകാര്യത എന്നിവ നേടിയതിനു ശേഷം മുകളിൽ പറഞ്ഞിരിക്കുന്ന ഭേദഗതി 2021 ജനുവരി 8 ആം തിയ്യതി മുതൽ പ്രാബല്യത്തിൽ വരുകയും ചെയ്യുന്നതാണ്. ISA ഘടന ഉടമ്പടിയിൽ ഭേദഗതി വരുന്നതനുസരിച്ച് ഉഷ് ണമേഖലയ്ക്ക് അതീതമായി താമസിക്കുന്ന രാജ്യങ്ങൾ ഉൾപ്പടെ ഐക്യരാഷ്ട്ര സഭയിലേ എല്ലാ അംഗ രാജ്യങ്ങൾക്കും പകലിതം നേടാനാകുന്നതാണ്.

4. സാങ്കേതിക, സാമ്പത്തികം കൂടാതെ വിഭവശേഷയ് എന്നിവയുടെ അടിസ്ഥാനത്തിൽ സൗരോർജ പദ്ധതികളിലൂടെ പ്രധാനവും പൊതുവായതുമായ പ്രതിബന്ധങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് രാജ്യങ്ങളെ ഒന്നിച്ചു കൊണ്ട് വരുന്നതിനാലാണ് ISA ലക്ഷ്യമിടുന്നത്. ലാഭകരമായ രീതിയിലുള്ള ഐലൻഡ് വില്ലേജ് സോളാർ മിനി ഗ്രിഡുകൾ, റൂഫ് ടോപ് ഇൻസ്റ്റലേഷനലുകൾ കൂടാതെ സോളാർ ഇ മൊബിലിറ്റി ടെക്നോളജിക്കൽ എന്നിവ ലഭ്യമാക്കുന്നതിനും ഉൾപ്രദേശങ്ങളിലുള്ളതും കേന്ദ്രീകൃതമല്ലാത്തതുമായ അപ്ലിക്കേഷനുകളെ പിന്തുണയ്ക്കുന്നതിനു അംഗരാജ്യങ്ങളെയും അന്താരാഷ്ട്ര സ്ഥാപനങ്ങളെയും ക്രിയാത്മകമാക്കുന്നതിനാണ് ISA ലക്ഷ്യമിടുന്നത്.

**ന്യൂ ഡൽഹി**

**15 ജനുവരി , 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.